**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5484 — 24.05.2017 ൽ മറുപടിക്ക്

## ഐ.ടി. സൗഹൃദ സംസ്ഥാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കേരളത്തെ ഒരു മികച്ച ഐ.ടി.സൗഹൃദ സംസ്ഥാനമാക്കുന്നതിനും മാതൃകാ ഇ-ഗവേണൻസ് സേവന മേഖല പട്ടുത്തുയർത്തുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) കേരളത്തെ ഒരു മികച്ച ഐ.ടി. സൗഹൃദ സംസ്ഥാനമാക്കുക, മാതൃകാ ഇ-ഗവേണൻസ് സേവന മേഖല പട്ടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ഐ.ടി നയം രൂപീകരിക്കുന്നത്.<br><br>സർക്കാർ സേവന സംവിധാനങ്ങളിൽ ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങിയ ഐ.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്തുനിന്നുള്ള ഐ.ടി. ഉല്പന്നങ്ങളും ഐ.ടി. സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ഐ.ടി നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>ഡിജിറ്റൽ സാങ്കേതികവിദ്യയെ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്ന രീതിയിൽ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാനും സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും സാധിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക എന്നതും |

ഇതിന്റെ ഭാഗമാണ്. ഈ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി താഴെ പറയുന്ന പല പ്രധാന പദ്ധതികളും നടന്നുവരികയാണ് .

- കേരള സർക്കാരിന്റെ സ്റ്റേറ്റ് പോർട്ടൽ പുനർ നിർമ്മാണം.
- സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്നതിന് സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ.
- എം കേരളം മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കൽ.
- കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് പദ്ധതി നടപ്പിലാക്കൽ.

(ബി) സംസ്ഥാനത്ത് കൂടുതൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി) സംസ്ഥാനത്ത് കൂടുതൽ ഐ.ടി പാർക്കുകളും അനുബന്ധ പശ്ചാത്തല സൗകര്യങ്ങളും ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ പുതിയ ഐ.ടി നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഐ.ടി പശ്ചാത്തല സൗകര്യമൊരുക്കുന്നതിൽ സ്വകാര്യ സംരംഭങ്ങൾ, ഐ.ടി ഹബ്ബുകൾ തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്.

സെക്ഷൻ ഓഫീസർ